

# വതറിങ് ഹൈറ്റ്സ്

## എമിലി ബ്രോണ്ടി

മനുഷ്യന്റെ ഉപബോധമനസ്സിന് ജീവിതത്തിലുള്ള നിർണായക സ്വാധീനം അനുഭവവേദ്യമാക്കുന്ന, ഇംഗ്ലിഷ് സാഹിത്യത്തിലെ ഉജ്ജ്വലമായ നോവലാണ് *വതറിങ് ഹൈറ്റ്സ്.* 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉത്തര ഇംഗ്ലണ്ടിലെ മൂർ പ്രദേശത്ത് കഥ നടക്കുന്നു. അവിടെ, അംഗസംഖ്യയിലും ധനസ്ഥിതിയിലും സാദൃശ്യമുള്ള ഏൺഷാ കുടുംബത്തിലും ലിൻടൺ കുടുംബത്തിലും ഒരനാഥബാലന്റെ ആഗമനത്തെത്തുടർന്ന് ഉണ്ടാകുന്ന പരിവർത്തനങ്ങളാണ് പ്രതിപാദ്യം. രണ്ടു തലമുറകളുടെ അത്യുജ്ജ്വലവും സമ്മോഹനവുമായ പ്രണയകഥയും *വതറിങ് ഹൈറ്റ്സിൽ* അനാവരണം ചെയ്യുന്നു. വിക്ടോറിയൻ കാലഘട്ടത്തിന്റെ ഒരു സജീവചിത്രം ഇവിടെ ദർശിക്കാം.

പുനരാഖ്യാനം: എം.പി.ജെ. രാജൻ

ഡി സി ബുക്സ്
www.dcbooks.com

നോവൽ

കവർ ഡിസൈൻ
അനീഷ് ഉതിമൂട്

ISBN 81-264-0745-X
9 788126 407453 00007

₹ 180
E-book Available

എമിലി ബ്രോണ്ടി • വതറിങ് ഹൈറ്റ്സ്

® ഡി സി ബുക്സ്

വിശ്വസാഹിത്യമാല

# WUTHERING HEIGHTS
# വതറിങ് ഹൈറ്റ്സ്

എമിലി ബ്രോണ്ടി
EMILY BRONTE



2567

# വതറിങ് ഹൈറ്റ്സ്

## കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യ പരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകർന്ന്, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ
സാഹിത്യവർത്തമാനങ്ങൾ...
dcink.in

### എമിലി ബ്രോണ്ടി

ബ്രോണ്ടി സഹോദരിമാർ എന്നറിയപ്പെടുന്ന ബ്രിട്ടീഷ് നോവലിസ്റ്റുകളിൽ രണ്ടാമത്തെയാളായ എമിലി ബ്രോണ്ടി (Emily Jane Bronte) 1818 ജൂലൈ 30-ന് ഇംഗ്ലണ്ടിലെ യോർക്ക് ഷയറിലുള്ള തോൺടണിൽ ജനിച്ചു. ഷാർലറ്റ് ബ്രോണ്ടി, ആൻ ബ്രോണ്ടി എന്നിവരാണ് മറ്റു സഹോദരിമാർ. കുട്ടിക്കാലംമുതൽ സഹോദരിമാർക്കൊപ്പം എമിലിയും എഴുതിത്തുടങ്ങി. ഒരു നോവൽ മാത്രമേ എമിലിയുടേതായുള്ളൂ—'വതറിങ് ഹൈറ്റ്സ്'. എല്ലിസ് ബെൽ എന്ന തൂലികാനാമത്തിൽ 1847-ൽ അത് പ്രസിദ്ധീകരിച്ചു. ഇംഗ്ലിഷ് സാഹിത്യത്തിലെ ക്ലാസ്സിക്കുകളിലൊന്നാണ് ഈ നോവൽ. 1848 ഡിസംബർ 19-ന്, ക്ഷയരോഗം ബാധിച്ച് എമിലി ബ്രോണ്ടി അന്തരിച്ചു.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# വതറിങ് ഹൈറ്റ്സ്


## എമിലി ബ്രോണ്ടി

ജനറൽ എഡിറ്റർ
**ഡോ. കെ. അയ്യപ്പപ്പണിക്കർ**

സംഗൃഹീത പുനരാഖ്യാനം
**എം.പി.ജെ. രാജൻ**

ആമുഖം
**ഡോ. പി. കെ. രാജശേഖരൻ**



ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Wuthering Heights

LITERATURE/NOVEL
*by* Emily Brontë

MALAYALAM TITLE
Wuthering Heights

Abridged & Retold by M. P. J. Rajan
General Editor Dr. K. Ayyappapanicker

Rights Reserved

First Published October 1982
This edition–August 2025

P-ISBN: 81-264-0745-X

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Brontë, Emily.
Wuthering Heights/ Emily Brontë.
146 p., 21 cm. (Viswasahityamala).
ISBN 81-264-0745-X.
Malayalam retelling of 'Wuthering Heights' retold by M. P. J. Rajan.
1. Literature. 2. Collection. I. Title. II. Title-English.III. M. P. J. Rajan. IV. Series.
808.8-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

633/25-26-Sl.No. 28621-dcb 509-(7)-200(F)-5799-07-25-hn 60-T3-e pk-d(t) jo

# ആമുഖം

മാത്യു ആർനോൾഡ് എഴുതി:

*അവളെപ്പറ്റിയെങ്ങനെ പാടും ഞാൻ,*
*ആരുമേയറിഞ്ഞില്ലവൾതൻ ഹൃദയം,*
*ബൈറണിൻ വിയോഗശേഷമെത്രയും*
*പ്രണയതീക്ഷ്ണ, മുത്കടം, ദുഃഖിതം.*

'വതറിങ് ഹൈറ്റ്സ്'(1847)എന്ന ഒറ്റ നോവൽകൊണ്ടുമാത്രം ഇംഗ്ലിഷ് സാഹിത്യത്തിന്റെ നക്ഷത്രപഥത്തിലാണ് എമിലി ബ്രോണ്ടി സ്ഥാനമുറപ്പിച്ചത്. മുപ്പതാം വയസ്സിൽ മരിക്കുന്നതിനുമുമ്പ് പ്രസിദ്ധീകരിച്ച ആ ഇരുണ്ട പ്രണയകഥയിൽ വരുംകാലത്തിന് മതിവരാതെ ചർച്ച ചെയ്യാൻ വേണ്ടതെല്ലാം എമിലി ബ്രോണ്ടി ഒരുക്കിവച്ചു. പ്രേമവും കാമവും പ്രതികാരവാസനയും മോഹങ്ങളും മോഹഭംഗങ്ങളും ഏകാന്തതയും നിർവികാരതയും ആത്മനശീകരണവാസനയും അക്രമാസക്തിയുമെല്ലാം നിറഞ്ഞ വൈകാരികലോകവും അതിന്റെ പശ്ചാത്തലമായി നില്ക്കുന്ന നിർജനവും അനന്തവുമായ ചതുപ്പുനിലവും—വതറിങ് ഹൈറ്റ്സിന്റെ ഗോതിക്പ്രപഞ്ചം നോവലിന്റെ ചരിത്രത്തിലെതന്നെ അപൂർവതകളിലൊന്നാണ്. ബൈറൺ മരിച്ചതിനുശേഷം ഇത്രയും കാല്പനികമായി പ്രണയവും വേദനയും പകർത്തിയവരില്ലെന്ന് 'ഹാവർത്ത് ചർച്ച്യാർഡ്'(Haworth Churchyard)എന്ന കവിതയിൽ ആർനോൾഡ് എഴുതിയത് വെറുതേയല്ല. ബ്രോണ്ടി സൃഷ്ടിച്ച നായകകഥാപാത്രമായ ഹീത്ക്ലിഫിനെ മുൻനിർത്തിയുള്ള പ്രസ്താവമായിരുന്നു അത്. ബൈറനിക നായക(Byronic Hero)ന്റെ എല്ലാ ഗുണവിശേഷങ്ങളും ഹീത്ക്ലിഫിന്റെ പ്രഹേളികാവ്യക്തിത്വത്തിൽ കാണാം. സമൂഹഭ്രഷ്ടത, അന്യത്വം, സിനിസിസം, ആത്മനാശകത്വം, കൗശലം, കാർക്കശ്യം, നിഗൂഢത, ആകർഷണീയത, കുറ്റബോധം, ആത്മപീഡ... അങ്ങനെ പല പ്രകൃതികൾ. ചീത്തയും ഭ്രാന്തനും ആപത്കാരിയുമായ ഭ്രഷ്ടനായി അയാൾ ആ ഏകാന്തമായ ചതുപ്പുനിലത്തിൽ നിലകൊള്ളുന്നു. ഇംഗ്ലിഷ് സാഹിത്യത്തിൽ അത്തരമൊരു കഥാപാത്രത്തെ കണ്ടുമുട്ടുക എളുപ്പമല്ല. ഒരുപോലെ പ്രതിഭാശാലിനികളായിരുന്ന ബ്രോണ്ടി സഹോദരിമാരിൽ (ഷാർലറ്റ്, എമിലി, ആൻ) എമിലിയെ ഉയർത്തിനിർത്തുന്നത് അവർ സൃഷ്ടിച്ച ആ ഇരുണ്ട പ്രപഞ്ചത്തിന്റെ ഗാഢമായ സവിശേഷതകളാണ്.

## ബ്രോണ്ടി കുടുംബം

എമിലി ബ്രോണ്ടിയുടെ ജീവിതകഥ ബ്രോണ്ടി കുടുംബത്തിന്റെ കഥയാണ്. ഷാർലറ്റ്, എമിലി, ആൻ എന്നീ സഹോദരിമാരുടെയും ബ്രാൻവെൽ ബ്രോണ്ടി

എന്ന സഹോദരന്റെയും കഥ. ഒരു കുടുംബം മുഴുവൻ എഴുത്തുകാരായതിന്റെ കഥയാണത്. ദുരന്തങ്ങൾ വേട്ടയാടുമ്പോഴും എഴുത്തിൽ അഭയം തേടുകയും ആൺപേരുകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് അപ്രശസ്തരായി മരിക്കുകയും പില്ക്കാലത്ത് മഹത്ത്വത്തിലേക്കു വീണ്ടെടുക്കപ്പെടുകയും ചെയ്ത മൂന്നു സഹോദരിമാരുടെ കഥ. അയർലൻഡിലെ ഒരു പാവപ്പെട്ട കർഷകത്തൊഴിലാളി കുടുംബത്തിൽ ജനിച്ച് കേംബ്രിജിൽ പഠിക്കാൻ ഭാഗ്യമുണ്ടായി പുരോഹിതനായി മാറിയ പാട്രിക് ബ്രോണ്ടി (1777–1861)യുടെയും മറിയ ബ്രോണ്ടി (1783–1821)യുടെയും മക്കളായിരുന്നു അവർ. പാട്രിക് ബ്രോണ്ടി കവിയുമായിരുന്നു. 'കോട്ടേജ് പോയംസ്'(1811), 'ദ റൂറൽ മിൻസ്ട്രെൽ' (1814) എന്നീ കവിതാസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. യോർക്ക്ഷയറിലെ ഹാവർത്തിലായിരുന്നു അവർ താമസിച്ചിരുന്നത്. ആറുമക്കൾ ആ ദമ്പതിമാർക്കുണ്ടായെങ്കിലും ആദ്യത്തെ രണ്ടു പെൺകുട്ടികളായ മറിയയും എലിസബത്തും ബാല്യത്തിൽതന്നെ മരിച്ചു. മൂന്നാമത്തെ മകൾ ഷാർലറ്റ് 1816 ഏപ്രിൽ 21-ന് ജനിച്ചു. പാട്രിക് ബ്രാൻവെൽ 1817 ജൂൺ 26-നും എമിലി 1818 ജൂലൈ 30-നും ആൻ 1820 ജനുവരി 17-നും ജനിച്ചു. മുപ്പത്തെട്ടാം വയസ്സിൽ അർബുദം ബാധിച്ച് മറിയ ബ്രോണ്ടി മരിക്കുമ്പോൾ മൂത്തമകൾ ഷാർലറ്റിന് അഞ്ചു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ, എമിലിക്ക് മൂന്നും. മറിയയുടെ സഹോദരി എലിസബത്ത് ബ്രാൻവെലാണ് ആ കുട്ടികളെ വളർത്തിയത്. ക്ഷയരോഗമാണ് മൂത്ത കുട്ടികളുടെ മരണത്തിനു കാരണമായത്. അവശേഷിച്ച സഹോദരങ്ങളെ പില്ക്കാലത്തു കൊണ്ടുപോയതും ക്ഷയമായിരുന്നു. മുപ്പതാം വയസ്സിൽ എമിലിയും (1848), മുപ്പത്തൊന്നാം വയസ്സിൽ ബ്രാൻവെലും (1848) ഇരുപത്തൊമ്പതാം വയസ്സിൽ ആനും (1849), മുപ്പത്തൊമ്പതാം വയസ്സിൽ ഷാർലറ്റും (1855)ലോകത്തോടു വിടപറഞ്ഞു. സഹോദരിമാർ നോവലിസ്റ്റുകളും സഹോദരൻ ചിത്രകാരനുമായിരുന്നു. മക്കളുടെ മരണം കാണാൻ ദൗർഭാഗ്യവാനായ പാട്രിക് ബ്രോണ്ടി ജീവിച്ചിരുന്നു. ബ്രോണ്ടി സഹോദരിമാരിൽ ഷാർലറ്റ് മാത്രമാണു വിവാഹിതയായത്, മരണത്തിന് ഒരു വർഷം മുമ്പ്. മരിക്കുമ്പോൾ അവർ ഗർഭിണിയായിരുന്നു. ആറുവർഷത്തിനുശേഷം പാട്രിക് ബ്രോണ്ടിയും മരിച്ചു.

മക്കൾക്കു നല്ല വിദ്യാഭ്യാസം നല്കണമെന്ന് ആഗ്രഹിച്ച അച്ഛനായിരുന്നു പാട്രിക് ബ്രോണ്ടി. മൂത്ത നാലു മക്കളെയും 1824-ൽ അദ്ദേഹം ലങ്കാഷയറിലെ കൊവാൻ ബ്രിജ് സ്കൂൾ എന്ന വിദ്യാലയത്തിൽ ചേർത്തു. പരിതാപകരമായ ഭൗതിക സാഹചര്യങ്ങളുണ്ടായിരുന്ന ആ വിദ്യാലയത്തിൽ വച്ചാണ് മൂത്ത കുട്ടികളായ മറിയയും എലിസബത്തും 1825-ൽ ക്ഷയം ബാധിച്ചു മരിച്ചത്. കൊവാൻ ബ്രിജ് സ്കൂളാണ് ഷാർലറ്റ് ബ്രോണ്ടിയുടെ 'ജെയ്ൻ എയറി'ലെ ലോവുഡ് സ്കൂളിനു മാതൃക. അവിടത്തെ സാഹചര്യം ജെയ്നിന്റെയും ആരോഗ്യത്തെ ബാധിച്ചു. 1825-ൽ വീട്ടിലേക്കു മടങ്ങിയ ജെയ്നും ബ്രാൻവെലും ഇളയവരായ എമിലിക്കും ആനിനുമൊപ്പം ചേർന്നു. ബാല്യഭാവനയുടെ ലോകം വിടരുകയായി അതോടെ. ആ കുട്ടിക്കാലമാണ് അവരെ എഴുത്തുകാരാക്കിയത്. 1826-ൽ പാട്രിക് ബ്രോണ്ടി മരത്തിലുണ്ടാക്കിയ പന്ത്രണ്ടു പടയാളികളുടെ പാവകൾ മക്കൾക്കു സമ്മാനിച്ചു. ആ പാവകൾ അവരുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. അതു വച്ച് അവർ ഭാവനാസാമ്രാജ്യങ്ങളും കഥകളും നിർമിച്ചു. പന്ത്രണ്ടു പടയാളികൾക്കും അവർ പേരുകൾ നല്കി. രണ്ടു സാമ്രാജ്യങ്ങ



ളെയും അവർ സങ്കല്പിച്ചു. ഒരു സ്ത്രീ ഭരിക്കുന്ന 'ഗോൺ ഡൽ' എന്ന രാജ്യമാണ് എമിലിയും ആനും ചേർന്നു നിർമിച്ചത്. ഷാർലറ്റും ബ്രാൻവെലും സങ്കല്പിച്ചത് ആങ്ഗ്രിയ എന്ന രാജ്യവും. അവയെപ്പറ്റിയുള്ള കഥകൾ ആ സഹോദരങ്ങൾ കൊച്ചു നോട്ടുപുസ്തകങ്ങളിൽ എഴുതി. 1831-ൽ പതിനാലുകാരിയായ ഷാർലറ്റിനെ ബ്രാഡ്ഫഡിനടുത്തുള്ള മിർഫീൽഡിലെ മിസ് വൂളറുടെ സ്കൂളിൽ ചേർത്തു. രണ്ടു വർഷം അവിടെ പഠിച്ച ഷാർലറ്റിനോട് മിസ് വൂളർക്കു തികഞ്ഞ വാത്സല്യമായിരുന്നു. 1835–'38 കാലത്ത് ആ സ്കൂളിൽ അധ്യാപികയായും ഷാർലറ്റ് പ്രവർത്തിച്ചു. 1838–'41 കാലത്ത് യോർക്ക്ഷയറിലെ ചില സമ്പന്ന കുടുംബങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്ന ഗവർണസായി ഷാർലറ്റ് ജോലി ചെയ്തു. 1842-ൽ ഷാർലറ്റും എമിലിയും ബ്രസൽസിൽ കോൺസ്റ്റന്റീൻ ഹെഗറും ഭാര്യ ക്ലെയർ ഹെഗറും നടത്തുന്ന ബോർഡിങ് സ്കൂളിൽ ചേർന്നു. പഠനച്ചെലവിനു പകരം ഷാർലറ്റ് അവിടത്തെ കുട്ടികളെ ഇംഗ്ലിഷും എമിലി സംഗീതവും പഠിപ്പിച്ചു. പക്ഷേ, ആറുമാസം കഴിഞ്ഞപ്പോൾ വീട്ടിൽ കുട്ടികളെ നോക്കിയിരുന്ന ഇളയമ്മ എലിസബത്ത് ബ്രാൻവെൽ ആകസ്മികമായി മരിച്ചതോടെ അവർ ഇംഗ്ലണ്ടിലേക്കു മടങ്ങി. 1843-ൽ ഷാർലറ്റ് ഒറ്റയ്ക്ക് ബ്രസൽസിലെ സ്കൂളിലേക്കു പോയി. 1844 ജനുവരിയിൽ കഠിനമായ ഗൃഹാതുരത്വത്താൽ വീട്ടിലേക്കു മടങ്ങുകയും ചെയ്തു. എഴുത്തായിരുന്നു പിന്നീട് ബ്രോണ്ടി സഹോദരങ്ങളുടെ ജീവിതം.

1846 മേയിൽ ഷാർലറ്റ്, എമിലി, ആൻ ബ്രോണ്ടിമാർ ചേർന്ന് ഒരു സംയുക്ത കവിതാസമാഹാരം (Poems by Currer, Ellis and Acton Bell) പ്രസിദ്ധപ്പെടുത്തി. ക്യൂറർ ബെൽ, എല്ലിസ് ബെൽ, ആക്ടൺ ബെൽ എന്നീ ആൺപേരുകളാണ് ഗ്രന്ഥകർത്താക്കളുടെ സ്ഥാനത്തു ചേർത്തിരുന്നത്. അക്കാലത്ത് അതായിരുന്നു പതിവ്. പെണ്ണിന് സാഹിത്യമെഴുതാൻ ശേഷിയില്ലെന്ന വിശ്വാസം പ്രബലമായിരുന്ന അന്നത്തെ ഇംഗ്ലണ്ടിൽ ഒരു എഴുത്തുകാരിയുടെ പുസ്തകം സ്വീകരിക്കാനും ആളില്ലായിരുന്നു. രണ്ടു കോപ്പിമാത്രം വിറ്റ ആ പുസ്തകസംരംഭത്തിൽനിന്ന് മൂന്നു ബ്രോണ്ടിമാരും നോവലെഴുത്തിലേക്കു തിരിഞ്ഞു. ആ പുരുഷനാമങ്ങളിലാണ് അവർ തങ്ങളെ പിന്നീടു വിഖ്യാതരാക്കിയ നോവലുകൾ പ്രസിദ്ധീകരിച്ചതും. എഴുത്തുകാരികളോട് സമൂഹത്തിനുണ്ടായിരുന്ന മുൻവിധിക്കു മാതൃകയാണിത്. 1847-ൽ മൂന്നു സഹോദരിമാരുടെയും ആദ്യ നോവലുകൾ പുറത്തു വന്നു—ഷാർലറ്റിന്റെ 'ജെയ്ൻ എയർ' (Jane Eyre), എമിലിയുടെ 'വതറിങ് ഹൈറ്റ്സ്' (Wuthering Heights), ആനിന്റെ 'അഗ്നസ്ഗ്രേ' (Agnes Grey). ഷാർലറ്റ് 'ക്യൂറർ ബെല്ലും' എമിലി 'എല്ലിസ് ബെല്ലും' ആൻ 'ആക്ടൺ ബെല്ലു'മായിരുന്നു അച്ചടിച്ച പുസ്തകങ്ങളിൽ. പ്രതിഭാശാലിയായിരുന്നു അവരുടെ സഹോദരൻ പാട്രിക് ബ്രാൻവെൽ. കവിയും ചിത്രകാരനുമായിരുന്ന ബ്രാൻവെൽ മദ്യത്തിനും കറുപ്പിനും അടിമയായി ജീവിതം തുലച്ചു. അപൂർണമായ ഒരു നോവൽ (And the Weary are at Rest) ബ്രാൻവെലും എഴുതി. 1848 സെപ്തംബർ 24-ന് ബ്രാൻവെൽ മരിച്ചു. ഒറ്റ നോവൽ മാത്രമേ എഴുതിയുള്ളൂവെങ്കിലും കൂട്ടത്തിൽ ഏറ്റവും പ്രതിഭാശാലിനിയായിരുന്ന എമിലി ബ്രോണ്ടി 1848 ഡിസംബർ 19-നും മരിച്ചു. ആറു മാസത്തിനുള്ളിൽ 1849 മേയ് 28-ന് ആൻ ബ്രോണ്ടിയും സഹോദരങ്ങളെപ്പോലെ ക്ഷയരോഗത്തിനിരയായി ജീവിതത്തിൽനിന്നു മറഞ്ഞു. 'വൈൽഡ്

ഫെൽ ഹാളിലെ താമസക്കാരൻ' (The Tenent of Wildfell Hall, 1848) എന്ന നോവൽ കൂടി ആൻ ബ്രോണ്ടി എഴുതിയിട്ടുണ്ട്.

പിതാവും ഷാർലറ്റും മാത്രമാണ് കുടുംബത്തിൽ ശേഷിച്ചത്. 'ജെയ്ൻ എയറാ'ണ് ബ്രോണ്ടികളുടെ മറ്റു കൃതികളെക്കാൾ സ്വീകരിക്കപ്പെട്ടത്. നോവലിന്റെ വിജയത്തോടെ ഷാർലറ്റ് ലണ്ടനിലെത്തി പ്രസാധകരെ കണ്ടു. താനാണു ഗ്രന്ഥകർത്തിയെന്നും വെളിപ്പെടുത്തി. ഷെർലി (1849), വിലെറ്റ് (Villette 1853), ദ പ്രൊഫസർ (The Professor) എന്നീ നോവലുകൾ കൂടി ഷാർലറ്റ് ബ്രോണ്ടി പ്രസിദ്ധീകരിച്ചു. 'പ്രൊഫസർ' മരണാനന്തരമാണ് പുറത്തു വന്നത് (1857). 'ജെയ്ൻ എയറി'നുമുമ്പെഴുതിയ ആ പുസ്തകം പ്രസാധകർ തിരസ്കരിച്ചതായിരുന്നു. ഷാർലറ്റ് 20 പേജു മാത്രം എഴുതിയ 'എമ്മ' എന്ന അപൂർണ നോവൽ 2003-ൽ ക്ലെയർ ബോയ്‌ലൻ (Claire Boylan) പൂർത്തിയാക്കി 'എമ്മ ബ്രൗൺ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1854-ൽ ഷാർലറ്റ് ആർതർ ബെൽ നിക്കോളസിനെ വിവാഹം കഴിച്ചു. ഗർഭിണിയായിരിക്കേ 1855 മാർച്ച് 31-ന് ഷാർലറ്റ് ബ്രോണ്ടി മരിച്ചു.

## വതറിങ് ഹൈറ്റ്സും ഗോതിക് ആഖ്യായികകളും

വതറിങ് ഹൈറ്റ്സിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രം ആ ഭൂപ്രകൃതിയാണ്. യോർക് ഷയർ മൂർസ് (York Shire Moors) എന്നു വിളിക്കപ്പെടുന്ന വിശാലമായ ചതുപ്പുപ്രദേശം. അമ്ലാംശമുള്ള മണ്ണും കൃഷിയില്ലാത്ത നിലങ്ങളും വല്ലാത്ത കാലാവസ്ഥയുമുള്ള ആ പ്രദേശത്തിന്റെ സ്വഭാവം നോവലിലുടനീളമുണ്ട്. വതറിങ് (Wuthering) എന്ന പദംതന്നെ ആ കാലാവസ്ഥയ്ക്ക് യോർക് ഷയറുമാർ നല്കിയ വിശേഷണമാണ്. 'സീൽക്കരിക്കുന്ന' എന്നാണ് പ്രചാരലുപ്തമായ ആ നാട്ടുപദത്തിനർത്ഥം. ഗോതിക് ആഖ്യായിക(Gothic fiction)കളുടെ സവിശേഷതകൾ 'വതറിങ് ഹൈറ്റ്സി'ൽ സമൃദ്ധമായി കാണാം. നിഗൂഢത, അമാനുഷഘടകങ്ങളുടെ സാന്നിധ്യം, ദുർഗന്ധമാനമായ ഏകാന്തഭവനങ്ങൾ, സർവാധിപത്യസ്വഭാവമുള്ള കഥാപാത്രങ്ങൾ, ഇരുളിമ, മരണം, ഭ്രാന്ത്, ഗുപ്തരഹസ്യങ്ങൾ തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ ഗോതിക് നോവലുകളുടെ സവിശേഷതയാണ്. അവയും കാല്പനികാംശങ്ങളും വിദഗ്ദ്ധമായി മിശ്രണം ചെയ്യുകയാണ് 'വതറിങ് ഹൈറ്റ്സി'ൽ എമിലി ബ്രോണ്ടി. യോർക് ഷയർ മൂർസിൽ സമൂഹത്തിൽനിന്നകന്നു താമസിക്കാനായി 1801-ൽ എത്തുന്ന മിസ്റ്റർ ലോക്‌വുഡിന്റെ അനുഭവവിവരണമാണ് നോവൽ. നെല്ലി ഡീൻ എന്ന വൃദ്ധപരിചാരികയാണ് പ്രധാന ആഖ്യാതാവ്. നെല്ലി പറഞ്ഞ കാര്യങ്ങൾ ലോക് വുഡ് അതേപടി വായനക്കാർക്കുമുന്നിൽ അവതരിപ്പിക്കുന്നു. മൂർസിലെ രണ്ടു വീടുകളാണ് വതറിങ് ഹൈറ്റ്സും ത്രഷ്ക്രോസ് ഗ്രേഞ്ചും. ത്രഷ് ക്രോസാണ് ലോക് വുഡ് വാടകയ്ക്കെടുത്തത്. വതറിങ്ങിലെ ഹീത്ക്ലിഫാണ് ആ വീടിന്റെയും ഉടമ. ഒരു ദിവസം മോശമായ കാലാവസ്ഥമൂലം വതറിങ്ങിൽ തങ്ങേണ്ടിവന്ന ലോക്‌വുഡിന് അവിടത്തെ താമസക്കാരുടെ രീതികളിൽ അസ്വാഭാവികത തോന്നുന്നു. മനുഷ്യപ്പറ്റില്ലാത്ത ആ പെരുമാറ്റത്തിന്റെ കാരണം തിരക്കിയ ലോക്‌വുഡിന് നെല്ലി ഡീൻ വതറിങ്ങിന്റെയും ത്രഷ്ക്രോസിന്റെയും പൂർവകാലകഥ പറഞ്ഞുകൊടുക്കുന്നു. വതറിങ്ങിലെ ഏൺഷാകളുടെയും



ത്രഷ് ക്രോസിലെ ലിന്റൺമാരുടെയും സ്നേഹദ്വേഷങ്ങളുടെ കഥയാണത്, ഹീത്ക്ലിഫ് എന്ന അനാഥന്റെയും.

വതറിങ്ങിലെ ജന്മിയായ ഏൺഷാ ഒരു യാത്രയിൽ ലിവർപൂളിലെ തെരുവിൽനിന്നു കൂടിക്കൊണ്ടുവന്ന അനാഥബാലനാണ് ഹീത്ക്ലിഫ്. വളർന്നപ്പോൾ അവനും ഏൺഷായുടെ മകൾ കാതറൈനും അടുപ്പത്തിലായി. പ്രാകൃതനും മൂർഖനും ഏകാകിയുമായിരുന്നു ഹീത്ക്ലിഫ്. കാതറൈൻ ഭർത്താവായി തിരഞ്ഞെടുത്തത് സംസ്കൃതചിത്തനും സുന്ദരനും സൽസ്വഭാവിയുമായ ത്രഷ്ക്രോസിലെ എഡ്ഗർ ലിന്റണെയും. ഹീത്ക്ലിഫിന്റെ പിന്നീടുള്ള ജീവിതം പകയുടേതായിരുന്നു. പ്രസവത്തിൽ കാതറൈൻ മരിച്ചു. തന്റെ പകയുമായി ഹീത്ക്ലിഫ് ലിന്റൺ കുടുംബത്തെ തകർക്കുന്നു. രണ്ടു പുരുഷന്മാർക്കിടയിൽ ഇരുവരോടും ഇഷ്ടവുമായി കഴിയേണ്ടിവന്ന കാതറൈനും അടങ്ങാത്ത പകയുമായി കഴിയുന്ന ഹീത് ക്ലിഫും തിങ്ങിനിറയുന്ന വികാരങ്ങളും 'വതറിങ് ഹൈറ്റ്സി'നു പകരുന്ന ഇരുണ്ട സൗന്ദര്യം അസാധാരണമാണ്. സ്വത്വസംഘർഷത്താൽ ഉഴറുന്ന കഥാപാത്രമാണ് കാതറൈൻ ഏൺഷാ. പ്രകൃതിയുടെയും മെരുങ്ങാത്ത പ്രാകൃതത്വത്തിന്റെയും പ്രതിരൂപമാണ് ഹീത്ക്ലിഫ്, എഡ്ഗർ ലിന്റണാകട്ടെ സംസ്കാരത്തിന്റെ പ്രതീകവും. പ്രകൃതിക്കും സംസ്കൃതിക്കുമിടയിൽ തന്റെ സ്വത്വത്തിന്റെ സംഘർഷങ്ങൾ കാതറൈൻ അനുഭവിക്കുന്നു. സംസ്കാരത്തെയാണ് അവൾ സ്വീകരിച്ചത്. എന്നാൽ പ്രകൃതിയിൽനിന്നു വിട്ടുപോകാൻ അവൾക്കു വയ്യ. വതറിങ് ഹൈറ്റ്സ് ഭവനം നിലകൊള്ളുന്ന രൂക്ഷപ്രകൃതിയുടെ അവിച്ഛേദ്യമായ ഭാഗമാണ് ഹീത്ക്ലിഫ്. വികാരങ്ങളാൽ നയിക്കപ്പെടുന്ന അയാളിൽ പൊതുസമൂഹത്തിന്റെയോ സംസ്കാരത്തിന്റെയോ സ്വാധീനതകളില്ല. വന്യതയാണ് അയാളുടെ അടയാളം. യഥാർത്ഥ ബൈറനിക് നായകനാണ് ഹീത്ക്ലിഫ്. ജീവിതാനുഭവങ്ങളാവാം ഹീത് ക്ലിഫിനെ അങ്ങനെയാക്കിയത്. ആർക്കും വേണ്ടാത്തവന്റെയും ഭ്രഷ്ടന്റെയും കലഹവ്യഗ്രവും പ്രതികാരോദ്യുക്തവുമായ ഇരുണ്ട മനോനില. അതിനുള്ളിൽ വിലപിക്കുന്ന ഒരു ഹൃദയമുണ്ട്. കാതറൈനെയോർത്ത് അതു കാതരമാവുന്നു. മൂറിലെ മണ്ണുപോലെ കൃഷിയിറക്കപ്പെട്ടിട്ടില്ലാത്ത ആ മനസ്സിൽ പകയുടെ മുൾക്കാടുകൾ മാത്രമേ വളരുന്നുള്ളൂ. പ്രേമവും കാമവും അക്രമവാസനയുമെല്ലാം ഇടകലരുന്ന 'വതറിങ് ഹൈറ്റ്സി'നെ കറുത്ത കാല്പനികതയുടെ ഉത്പന്നമെന്നു വിശേഷിപ്പിച്ചാൽപ്പോലും അധികമാവില്ല. സീൽക്കരിക്കുന്ന ശീതക്കാറ്റിൽ, മുങ്ങിമരിക്കാനും വഴിതെറ്റിപ്പോകാനും എപ്പോഴും ഇടയുള്ള അനന്തമായ ചതുപ്പുനിലത്തിൽ ഏകാന്തമായി ഉയർന്നുനില്ക്കുന്ന ആ രണ്ടു വീടുകളിൽ മനുഷ്യമനസ്സിന്റെ നിഗൂഢമായ നാടകമാണ് ആടുന്നത്.

**ഡോ. പി. കെ. രാജശേഖരൻ**

## മുഖ്യകഥാപാത്രങ്ങൾ

**ഹീത്ക്ലിഫ്** (Heathcliff)
വടക്കൻ ഇംഗ്ലണ്ടിലെ ചതുപ്പുപ്രദേശമായ യോർക്ക് ഷയർ മൂർസിലെ ജന്മിയായ മിസ്റ്റർ ഏൺഷാ ലിവർപൂളിലെ തെരുവിൽ നിന്നു കൂട്ടിക്കൊണ്ടുവന്ന് തന്റെ വീടായ വതറിങ് ഹൈറ്റ്സിൽ വളർത്തിയ അനാഥ ബാലൻ. വീട്ടിലുള്ളവർ എതിർത്തിട്ടും ഏൺഷാ അവനെ വളർത്തി. ഏകാകിയും മൂർഖനുമായിരുന്നു അവൻ. വളർന്നപ്പോൾ ഏൺഷായുടെ മകൾ കാതറൈനും ഹീത് ക്ലിഫും പ്രേമബദ്ധരായെങ്കിലും അവൾ വിവാഹം കഴിച്ചത് എഡ്ഗർ ലിന്റണെയാണ്. നാടുവിട്ടശേഷം മറ്റൊരാളായി തിരിച്ചെത്തിയ ഹീത്ക്ലിഫ് പ്രതികാരമോഹിയും നിഗൂഢസ്വഭാവിയുമായ മനുഷ്യനായി വതറിങ് ഹൈറ്റ്സിൽ താമസിക്കുന്നു.

**കാതറൈൻ ഏൺഷാ** (Catherine Earnshaw)
മിസ്റ്റർ ഏൺഷായുടെ മകൾ. ഹിൻഡ്ലി ഏൺഷായുടെ സഹോദരി. ഹീത്ക്ലിഫിനെ സ്നേഹിച്ചിരുന്ന അവൾ ഭർത്താവായി തിരഞ്ഞെടുത്തത് എഡ്ഗർ ലിന്റനെയാണ്. ഹീത്ക്ലിഫിനെ മനസ്സിൽ നിന്നുകളയാനും അവൾക്കു കഴിഞ്ഞില്ല. പ്രസവത്തിൽ കാതറൈൻ മരിക്കുന്നു.

**എഡ്ഗർ ലിന്റൺ** (Edgar Linton)
യോർക്ക്ഷയർ മൂർസിലെ ത്രഷ്ക്രോസ് ഗ്രേഞ്ച് എന്ന വീട്ടിലെ ജന്മി. യുവാവ്. മാന്യൻ, വിദ്യാസമ്പന്നൻ. ഹീത്ക്ലിഫ് ചെറുപ്പം മുതൽ അയാളെ വെറുത്തു. പ്രാകൃതനായ ഹീത്ക്ലിഫിനെ വെടിഞ്ഞ് സംസ്കൃതനായ ലിന്റണെയാണ് കാതറൈൻ ഏൺഷാ ഭർത്താവായി സ്വീകരിച്ചത്.

**ഹിൻഡ്ലി ഏൺഷാ** (Hindley Earnshaw)
കാതറൈന്റെ ജ്യേഷ്ഠൻ. ഫ്രാൻസെസ് എന്ന യുവതിയെ രഹസ്യമായി വിവാഹം കഴിച്ചു. ചൂതാട്ടവും മദ്യപാനവുംകൊണ്ട്



ഹിൻഡ്ലി കുടുംബം തകർത്തു. ഹിൻഡ്ലിയുടെ മകനാണ് ഹെയർട്ടൺ ഏൺഷാ.

**ഹെയർട്ടൺ ഏൺഷാ** (Haerton Earnshaw)
ഹിൻഡ്ലിയുടെയും ഫ്രാൻസെസിന്റെയും മകൻ. പരിചാരികയായ നെല്ലി ഡീനാണ് അവനെ വളർത്തിയത്. പിന്നീട് ഹീത്ക്ലിഫും. ഹീത്ക്ലിഫിന്റെ സർവാധിപത്യത്തിനുകീഴിൽ അവൻ ദുർബലനാണ്. അയാളുടെ മരണശേഷം ഹെയർട്ടൺ കാതറൈൻ ലിന്റണെ വിവാഹം കഴിച്ചു.

**ഇസബെല്ല ലിന്റൺ** (Isebella Linton)
ത്രഷ്ക്രോസ് ഗ്രേഞ്ചിലെ എഡ്ഗറിന്റെ സഹോദരി. ഹീത് ക്ലിഫിനോടൊപ്പം അവൾ ഒളിച്ചോടി. ഒരു മകനുമുണ്ടായി. എഡ്ഗർ ലിന്റണോടുള്ള പ്രതികാരത്തിന് ഇസബെല്ലയെ ഹീത്ക്ലിഫ് ഉപകരണമാക്കുകയായിരുന്നു ഹീത്ക്ലിഫിനെ ഉപേക്ഷിച്ച് മകനുമായി ഇസബെല്ല സ്ഥലംവിട്ടു.

**കാതറൈൻ ലിന്റൺ** (Catherine Linton)
കാതറൈൻ ഏൺഷായുടെയും എഡ്ഗർലിന്റണിന്റെയും മകൾ. ത്രഷ് ക്രോസിൽനിന്നു പുറംലോകത്തേക്കു രക്ഷപ്പെടാൻ അവൾ ആഗ്രഹിച്ചു. അത് അവളെ എത്തിച്ചത് ഹീത്ക്ലിഫിന്റെ ദുഷ്ടതകളിലേക്കാണ്.

**ലിന്റൺ ഹീത്ക്ലിഫ്** (Linton Heathcliff)
ഇസബെല്ല ലിന്റണിന്റെയും ഹീത്ക്ലിഫിന്റെയും മകൻ. രോഗിയും ദുർബലനും. ഇസബെല്ല മരിച്ചപ്പോൾ എഡ്ഗർ ലിന്റൺ കൂട്ടിക്കൊണ്ടുവന്ന അവനെ ഹീത് ക്ലിഫ് ബലമായി സ്വന്തമാക്കി. തന്റെ മേല്ക്കോയ്മയിൽ വളർത്തിയ ലിന്റണെക്കൊണ്ട് കാതറൈൻ ലിന്റണെ വിവാഹം കഴിപ്പിക്കുകയായിരുന്നു ഹീത്ക്ലിഫിന്റെ ലക്ഷ്യം.

**മിസ്റ്റർ ലോക് വുഡ്** (Mr. Lockwood)
വതറിങ് ഹൈറ്റ്സിലെ കഥ പറയുന്ന ആഖ്യാതാവ്. ത്രഷ് ക്രോസ് ഗ്രേഞ്ച് വാടകയ്ക്കെടുത്തു താമസിക്കാൻ വന്ന അയാൾക്ക് പരിചാരികയായ നെല്ലി ഡീൻ വതറിങ് ഹൈറ്റ്സിന്റെയും ത്രഷ് ക്രോസിന്റെയും കഥ പറഞ്ഞുകൊടുക്കുന്നു. ഹീത്ക്ലിഫിന്റെ വീട്ടിൽ ഒരു ദിവസം അന്തിയുറങ്ങിയ അയാളെ കാതറൈന്റെ

പ്രേതാത്മാവ് സന്ദർശിക്കുന്നു. സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടു ജീവിക്കാൻവേണ്ടി യോർക് ഷയർ മൂർസിലെത്തിയ ലോക്‌വുഡ് ഹീത്ക്ലിഫിനെയും കുടുംബാംഗങ്ങളെയും പരിചയപ്പെട്ടതോടെ മനുഷ്യബന്ധങ്ങളാണു നല്ലതെന്ന തീരുമാനത്തിലെത്തുന്നു.

**നെല്ലി ഡീൻ** (Nelly Dean)
ലോക്‌വുഡിന് കഥ പറഞ്ഞുകൊടുക്കുന്ന ത്രഷ് ക്രോസ് ഗ്രേഞ്ചിലെ പരിചാരിക. വതറിങ് ഹൈറ്റ്സിൽ മിസ്റ്റർ ഏൺഷായുടെ കുട്ടികൾക്കൊപ്പമാണ് നെല്ലി വളർന്നത്. കാതറൈൻ ഏൺഷാ വിവാഹിതയായപ്പോൾ അവൾ ത്രഷ് ക്രോസിലെത്തി. കാതറൈന്റെ മകളെ വളർത്തിയത് നെല്ലിയാണ്. നോവലിലെ പ്രധാന ആഖ്യാതാവ് നെല്ലിയാണ്. നിഷ്പക്ഷയാണ് നെല്ലി.

**ജോസഫ്** (Joseph)
വതറിങ് ഹൈറ്റ്സിലെ പരിചാരകൻ. തികഞ്ഞ ക്രിസ്തുമത വിശ്വാസി.

**സില്ല** (Zillah)
വതറിങ് ഹൈറ്റ്സിലെ പരിചാരിക. കാതറൈൻ ഏൺഷായുടെ മരണത്തിനുശേഷമാണ് സില്ല അവിടെയെത്തിയത്.



ഞാൻ എന്റെ വീട്ടുടമ, മിസ്റ്റർ ഹീത്ക്ലിഫിനെ സന്ദർശിച്ച് എന്റെ വീട്ടിലേക്ക് അപ്പോൾ മടങ്ങിയെത്തിയതേയുള്ളൂ. ആ ഭൂപ്രദേശത്ത് എനിക്കൊന്നു കടന്നുചെല്ലാൻ അയൽപക്കമായി അദ്ദേഹത്തിന്റെ വീടു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലണ്ടിൽ ആകമാനം നോക്കിയാൽ താമസിക്കാൻ ഇത്രയ്ക്ക് ഏകാന്തമായ ഒരു സ്ഥലം എനിക്കു കണ്ടെത്താൻ കഴിഞ്ഞിരുന്നതേയില്ല. ആളുകളെ കണ്ടുമുട്ടുന്നത് ഒഴിവാക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നതിനാൽ, ഈ സ്ഥലം എനിക്കു തികച്ചും അനുയോജ്യമായിരുന്നു.

എന്റെ ഏകാന്തതയിൽ നല്ലൊരു സുഹൃത്തായിരിക്കും എന്റെ അയൽക്കാരനെന്നായിരുന്നു എന്റെ ആദ്യത്തെ വിചാരം. അദ്ദേഹത്തിന്റെ അപരിചിതഭാവം എന്നെ എത്ര സന്തോഷിപ്പിച്ചിരുന്നെന്ന് അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞിരിക്കുകയില്ല. ഞാൻ കുതിരപ്പുറത്ത് അദ്ദേഹത്തിന്റെ അടുക്കലേക്കു ചെന്നപ്പോൾ അദ്ദേഹമെന്നെ തുറിച്ചുനോക്കി. കറുത്തു തടിച്ച പുരികത്തിനടിയിലെ കറുത്ത കണ്ണുകളിൽ സംശയം തളംകെട്ടിക്കിടന്നിരുന്നു.

'മിസ്റ്റർ ഹീത്ക്ലിഫല്ലേ?' ഞാൻ ചോദിച്ചു.

അദ്ദേഹം ഒന്നു തലകുലുക്കുകമാത്രം ചെയ്തു.

'ഞാൻ മിസ്റ്റർ ലോക്‌വുഡാണ്. താങ്കളുടെ പുതിയ വാടകവീട്ടുകാരൻ. വന്നയുടനെ താങ്കളെ കാണാമെന്നു കരുതി. ത്രഷ്ക്രോസ് ഗ്രേഞ്ചിലെ എന്റെ താമസം മൂലം താങ്കൾക്കു ബുദ്ധിമുട്ടൊന്നും ഉണ്ടാകില്ലെന്നു ഞാൻ കരുതുന്നു.'

'എനിക്കു ബുദ്ധിമുട്ടുണ്ടാക്കാൻ ഞാൻ ആരെയും അനുവദിക്കുകയില്ല.' അദ്ദേഹം ഇടയ്ക്കുകയറി പറഞ്ഞു: 'അകത്തേക്കു വരൂ.'

'പോയി തുലയ്' എന്നു പറയുന്നതുപോലെ കടിച്ചുപിടിച്ച പല്ലുകളുമായാണ് അദ്ദേഹം ആ സ്വാഗതവചനമോതിയത്. എന്നെക്കാൾ കൂട്ടുകെട്ടു കുറഞ്ഞ അദ്ദേഹത്തിന്റെ രഹസ്യകൂട്ടുകെട്ടിന് അടിമപ്പെട്ടു ഞാൻ ക്ഷണം സ്വീകരിച്ചു.

എന്റെ കുതിരയാകട്ടെ, പടിവാതിൽ തുറക്കാൻ തള്ളിക്കൊണ്ടിരുന്നു. ഒടുവിൽ ഹീത്ക്ലിഫ് പടിവാതിൽ തുറന്നു. ഒരു വേലക്കാരനെ വിളിച്ചിട്ട് അയാൾ വഴിയിലൂടെ വീടിനടുത്തേക്കു നടന്നു.

'ജോസഫ്, മിസ്റ്റർ ലോക്‌വുഡിന്റെ കുതിരയെ കൊണ്ടുപോയി ലായത്തിൽ കെട്ടിയിട്ട്, നിലവറയിൽനിന്നു കുറച്ചു വീഞ്ഞെടുത്തുകൊണ്ടു വരൂ!'